# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. K S Editor: Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/03/2026

1. കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതി (SMAM) പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. 2025-2026 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ 0471-2306748, 0477-2266084, 0495-2725354 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. വെള്ളായണി കാർഷിക കോളേജിലെ അഗ്രി എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് പ്രൊഫസർ-നെ കരാർ

ff




Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:** piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. പ്രതിമാസം പരമാവധി വേതനം നിലവിൽ 44,100/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. കരാർ അടിസ്ഥാനത്തിൽ പരമാവധി ഒരു വർഷത്തേക്കോ, സ്ഥിരനിയമനം/ സ്ഥലംമാറ്റം മുഖേന ഒഴിവ് നികത്തൽ നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ഉള്ള കാലയളവിലേക്കാണ് നിയമനം. യോഗ്യരായ ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസയോഗ്യത, പ്രവർത്തി പരിചയം, ജനന തീയതി, വയസ്സ്, ജാതി, മേൽവിലാസം തുടങ്ങിയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ്കൾ, തിരിച്ചറിയൽ രേഖ, സംവരണത്തിന് അർഹരാണെന്ന് തെളിയിക്കുന്ന രേഖകൾ - എന്നിവയുടെ അസ്സൽ, അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജ്, ഡീൻ ഓഫ് ഫാക്കൽറ്റിയുടെ ഓഫീസിൽ 05/03/2026 -ന് രാവിലെ 10.00 മണിക്ക് ഹാജരാകേണ്ടതാണ്. വിശദ വിവരങ്ങൾക്ക് www.kau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ 0471 2381002 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം ഫാമിലെ പശുക്കളുടെ കറവയ്ക്ക് ആവശ്യമായ ഡബിൾ ബക്കറ്റ് മിൽക്കിംഗ് മെഷീനും, അനുബന്ധ സാധനങ്ങളുടെയും വില സംബന്ധിച്ചുള്ള മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം സൂപ്രണ്ടിൻ്റെ പേരിൽ അയക്കുന്ന ക്വട്ടേഷൻ കവറിന് പുറത്ത് മിൽക്കിംഗ് മെഷീൻ വില സംബന്ധിച്ചുള്ള ക്വട്ടേഷൻ എന്ന് രേപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതി 11/03/2026-ന് പകൽ 11 വരെയാണ്. നിശ്ചിത പരിധിക്കുള്ളിൽ ലഭിയ്ക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം ഉച്ചയ്ക്ക് 2 മണിയ്ക്ക് തുറക്കുന്നതും, ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഏജൻസിയുടെ പേരിൽ ക്വട്ടേഷൻ താല്ക്കാലികമായി ഉറപ്പിക്കുന്നതും ആയിരിക്കും. അടിയന്തര സാഹചര്യത്തിൽ ഏതൊരു കാരണവും കൂടാതെ ക്വട്ടേഷൻ നടപടികൾ അവസാനിപ്പിക്കുന്നതിന് ഫാം സൂപ്രണ്ടിന് അധികാരമുണ്ടായിരിക്കും. സർക്കാരിന്റെ എല്ലാ ക്വട്ടേഷൻ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും കൂടുതൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങൾക്ക് ഫാം ആഫീസ് ഫോൺ നമ്പർ 0471-2732962 ൽ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

4. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "Participatory Rural Appraisal" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2026 മാർച്ച് 6 ന് ആരംഭിക്കുന്നു. കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്യാം. മാർച്ച് 16 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് മാർച്ച് 6 മുതൽ യുസർ ഐ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487-2438566.

## 5. കാർഷിക നിർദേശം

പുഞ്ചകൃഷിയുള്ള നെൽപാടങ്ങളിൽ തണ്ടുതുരപ്പൻ, ഓലചുരുട്ടി എന്നിവയുടെ ഉപദ്രവം ഉണ്ടാകാതിരിക്കാൻ ട്രൈക്കോഗ്രമ്മ മുട്ടക്കാർഡുകൾ ഒരേക്കറിന് 2എണ്ണം എന്ന കണക്കിന് 20 കഷണങ്ങളാക്കി മുറിച്ച് 5 സെന്റിന് ഒന്ന് വീതം പാടത്ത് കെട്ടി വയ്ക്കുക. രണ്ടാഴ്ചയിലൊരിക്കൽ പുതിയ കാർഡുകൾ വെച്ച് നാലഞ്ച് പ്രാവശ്യം ആവർത്തിക്കുക. ഏതാണ്ട് രണ്ടുമാസം പ്രായമായ ഇടത്തരം മൂപ്പുള്ള നെല്ലിനങ്ങൾക്ക് ഏക്കറിന് 25 കിലോഗ്രാം യൂറിയയും 15 കിലോഗ്രാം പൊട്ടാഷും നൽകാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം